LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ സംഘട്ടനങ്ങൾ

112 (113) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നടന്ന രാഷ്ട്രീയ സംഘട്ടനങ്ങളിൽ സി.പി.ഐ.(എം.) അംഗങ്ങളോ അനുഭാവികളോ ഒരു വശത്തും ബി.ജെ.പി., ആർ.എസ്.എസ്. അംഗങ്ങളോ അനുഭാവികളോ മറുവശത്തുമായി എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഈ കാലത്ത് സി.പി.ഐ.(എം.) അംഗങ്ങളും അനുഭാവികളും ചേർന്ന് കോൺഗ്രസ് അംഗങ്ങളോടോ അനുഭാവികളോടോ നടത്തിയ സംഘട്ടനങ്ങളെത്ര ;

(സി) ഈ കാലയളവിൽ സി.പി.ഐ.(എം.) അംഗങ്ങളോ അനുഭാവികളോ ഒരു വശത്തും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് അംഗങ്ങളോ അനുഭാവികളോ മറു വശത്തുമായി എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ;

(ഡി) ഈ കാലത്ത് സി.പി.ഐ. (എം) അംഗങ്ങളോ അനുഭാവികളോ ഒരു വശത്തും സി.പി.എം. അംഗങ്ങളോ അനുഭാവികളോ മറു വശത്തുമായി എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ;

(ഇ) ഈ കാലത്ത് സി.പി.ഐ.(എം.) അംഗങ്ങളോ അനുഭാവികളോ ഒരു വശത്തും മുകളിൽ പരാമർശിച്ചിട്ടുള്ള മറ്റു രാഷ്ട്രീയ പാർട്ടി അംഗങ്ങളോ അനുഭാവികളോ മറുവശത്തുമായി എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ;

(എഫ്) ഈ കാലത്ത് സി.പി.ഐ.(എം.) അനുഭാവ - വിദ്യാർത്ഥി സംഘടനകൾ ഒരുവശത്തും മറ്റു വിദ്യാർത്ഥി സംഘടനകൾ മറുവശത്തുമായി എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

രാഷ്ട്രീയ സംഘട്ടനങ്ങൾ

113 (114) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘട്ടനങ്ങളിൽ എത്ര കൊലപാതകങ്ങളുടെയും എത്ര പേർക്ക് പരിക്കുപറ്റിയിട്ടുണ്ടെന്നും എത്ര നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഘട്ടനങ്ങളിൽ മരിച്ചവർ ഏതെല്ലാം രാഷ്ട്രീയ പാർട്ടി പ്രവർകത്തകരായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) മരിച്ചവർക്കും പരുക്കേറ്റവർക്കും നാശനഷ്ടം ഉണ്ടായവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടെങ്കിൽ എന്തു തുക വീതം ആർക്കെല്ലാം കൊടുത്തു എന്ന് വ്യക്തമാക്കാമോ ;

(ഇ) അടുത്ത കാലത്ത് കൊലപാതകങ്ങളിലും പരിക്കുകളിലും നാശ നഷ്ടമുണ്ടായ നാദാപുരം, പന്നിയൂർ, തളിപ്പറമ്പ്, പടന്ന, എടച്ചക്കൈ മറ്റ് പ്രദേശങ്ങളിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു തുക വീതം നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-1-2001 വരെ ആകെ 5242 രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	260
കൊല്ലം	156
പത്തനംതിട്ട	87
ആലപ്പുഴ	337
കോട്ടയം	182
ഇടുക്കി	195
എറണാകുളം	56
തൃശ്ശൂർ	410
പാലക്കാട്	399
മലപ്പുറം	305
കോഴിക്കോട്	728
വയനാട്	65
കണ്ണൂർ	1233
കാസർഗോഡ്	829

(ബി) പ്രസ്തുത സംഭവങ്ങളിൽ ആകെ 67 കൊലപാതകങ്ങളും 8177 പേർക്ക് പരിക്കും പറ്റിയിട്ടുണ്ട്. എല്ലാ കേസുകളുടെയും അന്വേഷണം പൂർത്തിയായാൽ മാത്രമേ കൃത്യമായ നാശനഷ്ടം വെളിപ്പെടുത്താൻ ആവൂ. രാഷ്ട്രീയ കൊലപാതകങ്ങളുടെ ലിസ്റ്റ് തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

തിരുവനന്തപുരം	4
കൊല്ലം	3
പത്തനംതിട്ട	3
ആലപ്പുഴ	2

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	3
തൃശ്ശൂർ	6
പാലക്കാട്	3
മലപ്പുറം	1
കോഴിക്കോട്	7
കണ്ണൂർ	26
കാസർഗോഡ്	9

പരിക്കു പറ്റിയവരുടെയും നാശനഷ്ടങ്ങളുടെയും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമായിട്ടില്ല.

(സി)	സി.പി.എം.	27
	ബി.ജെ.പി.	31
	കോൺഗ്രസ്(ഐ)	6
	ഐ.യു.എം.എൽ.	2
	ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ലീഗ്	1

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

വ്യാപകമായ വാഹന മോഷണം

114 (115) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം മണ്ഡലത്തിൽ കടയ്ക്കൽ പോലീസ് സ്റ്റേഷനതിർത്തിയിൽ വ്യാപകമായി വാഹന മോഷണം നടക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര വാഹനങ്ങൾ ഇതിനകം മോഷണം പോയി എന്നത് വെളിവാക്കാമോ ;

(സി) ഈ മോഷണങ്ങൾ അന്വേഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വെളിവാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20 വാഹനങ്ങൾ.

(സി) ഉണ്ട്. കടയ്ക്കൽ, ചടയമംഗലം എന്നീ പോലീസ് സ്റ്റേഷനുകളിൽ നിന്ന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു.

(ഡി) 20 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly